**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കൊല്ലം ജില്ല - വിളക്കുടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സി. അലക്സ് സമർപ്പിച്ച പുന:പരിശോധനാ ഹർജി നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3619 /2017/തസ്വഭവ                    തീയതി, തിരുവനന്തപുരം,09.11.2017

=====================================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 06.01.2014-ലെ ഇ 2-(എസ് സി 55/2013/കെഎൽഎം)25215/2013 നമ്പർ കത്ത്

2. വിജിലൻസ് വകുപ്പിന്റെ 15.02.2014-ലെ 440/ഡി3/2014/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 27.05.2014-ലെ 16601/ഇപിബി2/2014/തസ്വഭവ നമ്പർ കുറ്റപത്രം
4. സ.ഉ. (സാധാ) നം.2054/2017/തസ്വഭവ തീയതി 20.06.2017
5. ശ്രീ. സി. അലക്സ് സമർപ്പിച്ച 19.09.2017-ലെ പുന:പരിശോധനാ ഹർജി

**ഉത്തരവ്**

കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിൽ മഴക്കാലപൂർവ്വ ശുചീകരണത്തിന് ശുചിത്വമിഷൻ നൽകിയ പണം ചെലവഴിച്ചതിൽ അഴിമതി നടന്നുവെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ടി ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി ക്രമക്കേടുകൾക്കുത്തരവാദികളായ വിളക്കുടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സി. അലക്സിനെതിരെ അച്ചടക്ക നടപടിയ്ക്ക് ശുപാർശ ചെയ്ത് പരാമർശം (1), (2) എന്നിവ പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

11.06.2013-ലെ സർക്കാർ ഉത്തരവ് (സാധാ)) നമ്പർ 1508/2013/തസ്വഭവ പ്രകാരം മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ഓരോ വാർഡിനും പരമാവധി 10,000/- രൂപ ചെലവഴിക്കുന്നതിന് ഉത്തരവാകുകയും ടി തുക ആദ്യം തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുവാനും വിനിയോഗ സാക്ഷ്യപത്രം നൽകി ശുചിത്വമിഷനിൽ നിന്നും തുക ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുവാനും സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ തനത് ഫണ്ടിൽ നിന്നും 10,000/ രൂപ സാനിട്ടേഷൻ കമ്മിറ്റി കൺവീനർ എന്ന നിലയിൽ വാർഡ് മെമ്പർമാർക്ക് നൽകുന്നതിനു മുമ്പ് ആവശ്യമായ രേഖകളുടെ ലഭ്യതയും അവയുടെ നിജസ്ഥിതിയും പരിശോധിച്ച് ഉറപ്പുവരുത്തിയില്ലെന്നും ജോയിന്റ് അക്കൗണ്ടിൽ കൂടിയല്ലാതെ നേരിട്ട് പണം നൽകി എന്നുമായിരുന്നു വിളക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. സി. അലക്സിനെതിരെയുണ്ടായിരുന്ന പ്രധാന ആരോപണം.

വിജിലൻസ് വകുപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ. സി. അലക്സിന് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകുകയും തുടർന്ന് ടിയാൻ നേരിൽ കേൾക്കണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനെ നേരിൽ കേൾക്കുകയും ചെയ്തു. ശ്രീ. അലക്സ് വെളിപ്പെടുത്തിയ വിവരങ്ങളിൽ നിന്ന് ടിയാൻ വിളക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന കാലയളവിൽ

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനം നടത്തിയതിലും ആയതിന്റെ ഫണ്ട് ചിലവഴിച്ചതിലും തെറ്റുപറ്റിയതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം ശ്രീ. സി. അലക്സിന്റെ ഒരു വാർഷിക ഇൻക്രിമെന്റ് രണ്ട് വർഷത്തേക്ക് തടഞ്ഞ് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ടി ഉത്തരവിനെതിരെ ശ്രീ. അലക്സ് പരാമർശം (5) പ്രകാരം പുന:പരിശോധനാ ഹർജി സമർപ്പിക്കുകയുണ്ടായി. ഇക്കാര്യം പരിശോധിച്ചതിൽ ശ്രീ. അലക്സ് സമർപ്പിച്ച അപേക്ഷയിൽ പുതിയ വിവരങ്ങൾ ഒന്നും തന്നെ ഉൾപ്പെടുത്തുകയോ കൂടാതെ ടിയാനെ നേരിൽ കേൾക്കണമെന്നോ ആവശ്യപ്പെട്ടിട്ടുമില്ല. ആയതിനാൽ ടിയാനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി പുന:പരിശോധിക്കേണ്ട സാഹചര്യമുണ്ടെന്നു കാണുന്നില്ല. ഈ സാഹചര്യത്തിൽ ശ്രീ. സി. അലക്സ് സമർപ്പിച്ച പുന:പരിശോധനാ ഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മോഹൻദാസ് എസ്**
അഡീഷണൽ സെക്രട്ടറി

1. ശ്രീ. സി. അലക്സ്, മുൻ സെക്രട്ടറി, വിളക്കുടി ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/234/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ